തർബിയ്യത്ത്

●

ഡോ. സയ്യിദ് മുഹമ്മദ് നൂഹ്

# സ്വകർമങ്ങളെ വിഫലമാക്കുന്നവർ

**നമ്മുടെ** കർമങ്ങളെ ധൂളിയാക്കിക്കളയുന്ന അപകടകാരിയാണ് പ്രകടനാത്മകത. അതിന്റെ പ്രചോദനങ്ങൾ പലതാണ്. ഒരാൾ വളർന്നുവരുന്ന ഗൃഹാന്തരീക്ഷം അതിൽ പ്രധാനമാണ്. വൈവാഹികബന്ധത്തിൽ ദീനീനിഷ്ഠക്ക് മുൻതൂക്കം നൽകാൻ ഇസ്‌ലാം ആവശ്യപ്പെട്ടതിന്റെ രഹസ്യം ഇതുപോലുള്ള ദുഃസ്വഭാവങ്ങൾ ഉടലെടുക്കാതിരിക്കാൻ കൂടിയായിരിക്കാം. പ്രവാചകൻ പറഞ്ഞു: "നീ ദീനുള്ളവളെ തെരഞ്ഞെടുക്കുക" (അബൂദാവൂദ്). "നീ തൃപ്തിപ്പെടുംവിധം സ്വഭാവശ്രേഷ്ഠതയും ദീനീനിഷ്ഠയുമുള്ളവൻ വിവാഹാലോചനയുമായി വന്നാൽ അവന് വിവാഹം ചെയ്ത് കൊടുക്കുക" (തിർമിദി).

സൗഹൃദവലയം ഈ രോഗം പകരാൻ ഇടവരുത്താം; പ്രത്യേകിച്ചും ദുർബലവ്യക്തിത്വത്തിന്റെ ഉടമകളും മറ്റുള്ളവരാൽ എളുപ്പത്തിൽ സ്വാധീനിക്കപ്പെടുന്നവരുമാണ് നാമെങ്കിൽ. അതിനാലായിരിക്കാം നല്ല സുഹൃത്തുക്കളെ തെരഞ്ഞെടുക്കാൻ ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്.

അല്ലാഹുവിനെ നേരാംവണ്ണം മനസ്സിലാക്കാതിരിക്കുക എന്നതും പ്രകടനവാഞ്ഛയിലേക്ക് നയിക്കും. ഗുണദോഷങ്ങൾ അല്ലാഹുവിൽ നിന്ന് മാത്രമല്ല എന്ന ധാരണ ജനങ്ങളുടെ മുന്നിൽ നല്ലപിള്ള ചമയാൻ പ്രേരിപ്പിക്കുന്നു. അതിനാലാവാം അല്ലാഹുവെ കുറിച്ച് ശരിയായ അറിവ് ആർജിക്കണമെന്ന് ഖുർആൻ ആവശ്യപ്പെടുന്നത്: "നീ അറിയണം; നിശ്ചയം അല്ലാഹുവല്ലാതെ ഇലാഹില്ലെന്ന്" (*മുഹമ്മദ്* 19). ഈ അറിവ് ഹൃദയങ്ങളിൽ രൂഢമൂലമാക്കാനുള്ള ശ്രമങ്ങളായിരുന്നു വിശേഷിച്ചും പ്രവാചകന്റെ മക്കാജീവിതത്തിൽ.

സമ്പത്ത്, സ്ഥാനമാനങ്ങൾ, പേര്, പ്രശസ്തി തുടങ്ങിയവയോടുള്ള താല്പര്യമോ ഉത്തരവാദപ്പെട്ടവരുടെ കർക്കശ വിചാരണയോ ജനങ്ങളുടെ ആക്ഷേപത്തെ കുറിച്ച ഭയമോ ഒക്കെ പ്രകടനവാഞ്ഛക്ക് വഴിമരുന്നിടാറുണ്ട്.

തന്റെ പ്രവൃത്തി ജനങ്ങൾ കാണണമെന്നോ അതേപ്പറ്റി കേൾക്കണമെന്നോ ഒരാൾ ആഗ്രഹിച്ചാൽ അല്ലാഹു അത് സാധിപ്പിച്ചുകൊടുക്കുമെന്ന് പ്രവാചകൻ. പരലോകത്ത് അയാൾക്ക് ഒന്നുമുണ്ടാകില്ലെന്ന് മാത്രം. നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവുമധികം ഭയക്കുന്നത് ചെറിയ ശിർക്കായ പ്രകടനവാഞ്ഛയാണെന്നും പ്രവാചകൻ അരുളുന്നു.

ജനങ്ങളെ സൽകർമങ്ങളിൽ ഉത്സുകരാക്കുക എന്ന ലക്ഷ്യമാണ് പ്രവർത്തനങ്ങൾ പരസ്യപ്പെടുത്തുമ്പോൾ ഉള്ളതെങ്കിൽ അത് ആക്ഷേപിക്കപ്പെടാവതല്ല. അതേസമയം ചില സംഗതികൾ അതിലും ശ്രദ്ധിക്കേണ്ടതുണ്ട്. ഉദാഹരണമായി, നിർധനവിദ്യാർഥികൾക്കുള്ള പഠനോപകരണ വിതരണം. ഇത് ഒരു പൊതുപരിപാടി സംഘടിപ്പിച്ച് വിതരണം ചെയ്യുന്നത് ഒരുപക്ഷേ മറ്റുള്ളവർക്ക് അനുകരിക്കാനുള്ള പ്രചോദനമാ

വട്ടെ എന്ന ഉദ്ദേശ്യത്തോടെയാവാം. എന്നാൽ നിവൃത്തികേട് കൊണ്ട് മാത്രം ആത്മാഭിമാനം പണയപ്പെടുത്തി ജനങ്ങൾക്ക് മുമ്പിൽനിന്ന് അത് ഏറ്റുവാങ്ങാൻ നിർബന്ധിക്കപ്പെടുന്നവരെ നാം പരിഗണിക്കേണ്ടതുണ്ട്. അത്തരം സന്ദർഭങ്ങളിൽ അർഹതപ്പെട്ടവർക്ക് രഹസ്യമായി വിതരണം ചെയ്യുകയും ഗുണഭോക്താക്കളെ പരിചയപ്പെടുത്താതെ പ്രവൃത്തി പരസ്യമാക്കുകയും ചെയ്യുന്നതാവും ഉചിതം. "നിങ്ങൾ പരസ്യമായി ദാനധർമങ്ങൾ ചെയ്യുകയാണെങ്കിൽ നല്ലതുതന്നെ. എന്നാൽ രഹസ്യമായി ആവശ്യക്കാർക്ക് എത്തിക്കുകയാണെങ്കിൽ, അതാണ് ഏറെ വിശിഷ്ടം. അതുമൂലം നിങ്ങളുടെ ധാരാളം കുറ്റങ്ങൾ അവൻ മായ്ച്ചുകളയുന്നതുമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്" (*അൽബഖറ* 271).

പ്രകടനപരത ചില അടയാളങ്ങളിലൂടെ നമുക്ക് തിരിച്ചറിയാനാവും. ആളുകൾ പുകഴ്ത്തുകയും പ്രശംസിക്കുകയും ചെയ്യുമ്പോൾ കർമോത്സുകനാവുകയും അവർ ആക്ഷേപിക്കുമ്പോൾ കർമത്തിൽ നിന്ന് വിരമിക്കുകയും ചെയ്യുക. ജനങ്ങൾക്കിടയിലാകുമ്പോൾ പ്രവർത്തനങ്ങളിൽ അത്യധികം താൽപര്യവും ഉൽസാഹവും പ്രകടിപ്പിക്കുക. തനിച്ചാവുമ്പോൾ അലസനും മടിയനുമാവുക. സമൂഹമധ്യേ അല്ലാഹുവിന്റെ വിലക്കുകളെ സൂക്ഷിക്കുക, ഒറ്റക്കാവുമ്പോൾ അല്ലാഹു നിഷിദ്ധമാക്കിയവ ചെയ്യുക. ഇതിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പ്രവാചകൻ പറയുന്നു: "പർവതസമാനമായ സൽകർമങ്ങളുമായി അന്ത്യനാളിൽ എന്റെ സമുദായത്തിലെ ചിലർ വരും. അതൊക്കെയും അല്ലാഹു ധൂളികളാക്കി പറത്തിക്കളയും. അവർ നിങ്ങളുടെ സഹോദരങ്ങളാണ്. നിങ്ങളെപ്പോലെ രാത്രിനമസ്കാരം നിർവഹിച്ചവരാണവർ. എന്നാൽ അല്ലാഹു നിഷിദ്ധമാക്കിയവ ചെയ്യാൻ അവസരം കിട്ടിയാൽ അത് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നവരാണവർ."

പ്രകടനാത്മകത വരുത്തിവെക്കുന്ന ദോഷങ്ങൾ നിരവധിയാണ്. സന്മാർഗലബ്ധിക്കുമുന്നിൽ അത് തടസ്സം നിൽക്കുമെന്നതാണ് അവയിലൊന്ന്. അല്ലാഹുവോട് ആത്മാർഥത കാണിക്കുന്നവർക്കേ അവൻ സൻമാർഗം പ്രദാനം ചെയ്യൂ: "അവങ്കലേക്ക് മടങ്ങുന്നവർക്കേ തന്നിലേക്കുള്ള മാർഗം അവൻ കാണിച്ചുകൊടുക്കൂ" (*അർറഅ്ദ്* 27). "അവങ്കലേക്ക് മടങ്ങുന്നവർക്ക് അവൻ തന്നിലേക്കുള്ള വഴി കാട്ടിക്കൊടുക്കുന്നു" (*അശ്ശൂറാ* 13).

ജനങ്ങളുടെ തൃപ്തിയും അവരിൽ നിന്നുള്ള നേട്ടങ്ങളും പ്രതീക്ഷിച്ച് കർമങ്ങൾ ചെയ്യുന്നവരുടെ ലക്ഷ്യസാക്ഷാത്കാരത്തിന് മുന്നിൽ പലപ്പോഴും അല്ലാഹുവിന്റെ വിധി തടസ്സമായി നിൽക്കും. കാരണം എല്ലാം ചില നിർണയങ്ങൾക്കനുസരിച്ചാണ് ചരിക്കുന്നത്. "സകല വസ്തുക്കൾക്കും അവങ്കൽ കൃത്യമായ അളവുണ്ട്" (*അർറഅ്ദ്* 8). അല്ലാഹുവിന്റെ തൃപ്തിയും ലഭിക്കില്ല, തന്റെ പ്രതീക്ഷകൾ പൂവണിഞ്ഞതുമില്ല എന്ന് വരുമ്പോൾ അവൻ കടുത്ത മാനസികസംഘർഷം അനുഭവിക്കേണ്ടിവരുന്നു. "എന്റെ ഉദ്ബോധനത്തിൽനിന്ന് മുഖം തിരിക്കുന്നവനോ, അവന്ന് ഈ ലോകത്ത് കുടുസ്സായ ജീവിതമാണുള്ളത്"(*ത്വാഹാ* 124). "തന്റെ നാഥന്റെ സ്മരണയെ അവഗണിക്കുന്നവനെ അവൻ കൊടും പീഡനത്തിലകപ്പെടുത്തുന്നു"(*അൽജിന്ന്* 17).

ജനഹൃദയങ്ങളിലുള്ള ആദരവും മഹത്വവും വിനഷ്ടമാവുക എന്നതാണ് പ്രകടനാത്മകതയുടെ മറ്റൊരു ദോഷം. അല്ലാഹുവാണ് ജനമനസുകളിൽ നമ്മെ കുറിച്ച് സദ്വിചാരം ഉണ്ടാക്കുന്നത്. അവൻ നമ്മെ കൈവിട്ടാലോ!

"ആരെ അല്ലാഹു നിന്ദിതനും അപമാനിതനുമാക്കുന്നുവോ, അവന്നു പിന്നെ മഹത്വമേകുന്നവരാരുമില്ല" (*അൽഹജ്ജ്* 18).

ഭരണാധികാരികൾക്കുമുമ്പിൽ മുട്ടുവിറക്കാതെ എഴുന്നേറ്റുനിൽക്കാൻ മുൻഗാമികൾക്കു സാധിച്ചത് അല്ലാഹുവിന്റെ പ്രീതിമാത്രം കാംക്ഷിച്ച് പ്രവർത്തിച്ചതുകൊണ്ടായിരുന്നു. അബൂമൂസൽ അശ്അരിയെ ഉമർ(റ) ഉപദേശിച്ചു: ആരുടെ നിയ്യത്ത് നിഷ്കളങ്കമായോ, ജനങ്ങൾക്കിടയിൽ നിന്ന് അല്ലാഹു അവനെ രക്ഷിക്കും.

തന്നെ കൊല്ലാൻ ഉത്തരവിട്ട ഹജ്ജാജിന്റെ മുന്നിലേക്ക് നെഞ്ച് വിരിച്ച് കടന്നു ചെല്ലുന്നു ഹസൻ ബസ്വരി(റ). ഒരു വിശ്വാസിയുടെ സകലവിധ ഗാംഭീര്യവും തുളുമ്പുന്ന ആ മുഖം കണ്ടപ്പോൾ ഹജ്ജാജിന് തന്റെ തീരുമാനം പിൻവലിക്കേണ്ടി വന്നു. ജനങ്ങൾക്കിടയിൽ സ്വീകാര്യത നഷ്ടപ്പെടുകയും അവരിൽ യാതൊരു സ്വാധീനവും ചെലുത്താൻ കഴിയാതിരിക്കുകയും ചെയ്യുക എന്നതും പ്രകടനപരതയുടെ മറ്റൊരു ദുഷ്ഫലമാണ്. അവന്റെ വാക്ക് കേൾക്കാൻ ആരുമുണ്ടാവില്ല. അവന്റെ കർമങ്ങൾ യാതൊരു ചലനവുമുണ്ടാക്കില്ല.

ഉമവീ ഭരണാധികാരിയായിരുന്ന യസീദിന്റെ ഭരണകാലത്ത് കൂഫയുടെയും ബസ്വറയുടെയും ഗവർണറായിരുന്നു ഉമറുബ്നുഹുബൈറ. യസീദ് അദ്ദേഹത്തിന് നിരന്തരം കത്തുകൾ അയക്കുകയും അതിൽ നിർദേശിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതിൽ ചിലതെല്ലാം സത്യത്തിനും  നീതിക്കും നിരക്കാത്തതായിരുന്നു. അതിനാൽ ഇബ്നുഹുബൈറ, ഹസൻ ബസ്വരിയെയും ആമിറുബ്നു ശറാഹീലി(ശഅ്ബി)നെയും വിളിച്ചുവരുത്തി അക്കാര്യത്തിൽ അവരോട് അഭിപ്രായമാരാഞ്ഞു. ശഅ്ബി യസീദിനോട് അനുഭാവം പുലർത്തുന്ന രീതിയിലാണ് പ്രതികരിച്ചത്. എന്നാൽ ഹസൻ ബസ്വരി പറഞ്ഞു: "അല്ലയോ ഇബ്നു ഹുബൈറാ! യസീദിന്റെ കാര്യത്തിൽ താങ്കൾ അല്ലാഹുവെ ഭയപ്പെടുക. അല്ലാഹുവിന്റെ കാര്യത്തിൽ യസീദിനെ ഭയപ്പെടരുത്. യസീദിൽ നിന്ന് അല്ലാഹു താങ്കളെ പ്രതിരോധിക്കും. അല്ലാഹുവിൽ നിന്ന് താങ്കളെ രക്ഷിക്കാൻ യസീദിനാവില്ല..... അതിശക്തരായ മലക്കുകൾ താങ്കളുടെയടുക്കൽ വരും. ഈ കട്ടിലിൽ നിന്നും അവർ താങ്കളെ താഴെയിറക്കും. താങ്കളുടെ കൊട്ടാരത്തിന്റെ വിശാലതയിൽ നിന്ന് ഖബറിന്റെ ഇടുക്കത്തിലേക്ക് താങ്കളെ അവർ കൊണ്ടുപോകും. അവിടെ യസീദിനെ താങ്കൾക്ക് കാണാനാവില്ല. യസീദിന്റെ നാഥനെ ധിക്കരിച്ച് താങ്കൾ ചെയ്ത കർമങ്ങളാണ് അവിടെയുണ്ടാവുക." ഇത് കേട്ട് ഉമറുബ്നു ഹുബൈറ പൊട്ടിക്കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ താടിരോമങ്ങൾ കണ്ണുനീരിൽ കുതിർന്നു.

അവിടെ നിന്ന് പുറത്തിറങ്ങിയ ഉടനെ അവരിരുവരും നേരെ പള്ളിയിലേക്കാണ് പോയത്. അവിടെയെത്തിയപ്പോൾ ഗവർണറുമായുള്ള സംഭാഷണത്തെ കുറിച്ച് ആളുകൾ ചോദിച്ചു. അന്നേരം ശഅ്ബി പറഞ്ഞു: "ജനങ്ങളേ, എല്ലാസംഗതികളിലും സൃഷ്ടികളേക്കാൾ സ്രഷ്ടാവിന് മുൻഗണന നൽകാൻ കഴിയുന്നവർ അപ്രകാരം ചെയ്യുക. ഞാൻ ഇന്ന് ഇബ്നു ഹുബൈറയുടെ പ്രീതി ഉദ്ദേശിച്ചാണ് സംസാരിച്ചത്. ഹസനാകട്ടെ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചും. അതുകൊണ്ടുതന്നെ അല്ലാഹു എന്നെ ഇബ്നുഹുബൈറയിൽ നിന്നകറ്റി. ഹസനെ അദ്ദേഹത്തിലേക്കടുപ്പിച്ചു."

കർമങ്ങൾ അതിന്റെ പൂർണാർഥത്തിൽ ഭംഗിയായി നിർവഹിക്കാൻ പ്രകടനത്വരയുള്ളവർക്ക് സാധിക്കില്ല. കപടവിശ്വാസികളെ കുറിച്ച് അല്ലാഹു പറയുന്നു: "നമസ്കാരത്തിനായി നിൽക്കുമ്പോൾ അവർ അലസന്മാരായി നിൽക്കുന്നു. നമസ്കരിക്കുന്നതായി ജനത്തെ കാണിക്കുക മാത്രമാണവർ. അവർ വിരളമായേ അല്ലാഹുവിനെ സ്മരിക്കുന്നുള്ളൂ." (*അന്നിസാഅ്* 142)

ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവൻ യഥാർഥത്തിൽ വഞ്ചക

നാണ്. ആളുകളെ പറ്റിച്ചുകൊണ്ട് സ്ഥാനമാനങ്ങൾ നേടിയെടുക്കാനാണ് അവൻ ശ്രമിക്കുന്നത്. അത്തരക്കാരെ വളരെ മോശക്കാരായിട്ടാണ് അല്ലാഹു ചിത്രീകരിക്കുന്നത്. അവരെ കുറിച്ച് അല്ലാഹു മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു: "ചില മനുഷ്യർ ഇങ്ങനെയുമുണ്ട്. ഐഹിക ജീവിതത്തിൽ അവരുടെ വായ്ത്താരി നിനക്ക് വളരെ കൗതുകകരമായിത്തോന്നും. തങ്ങളുടെ ഉദ്ദേശ്യശുദ്ധിക്ക് അവർ ദൈവത്തെ അടിക്കടി സാക്ഷിയാക്കിക്കൊണ്ടിരിക്കും. പക്ഷേ, വാസ്തവത്തിൽ അവർ സത്യത്തിന്റെ ബദ്ധവൈരികളാകുന്നു. അധികാരം സിദ്ധിച്ചാൽ ഭൂമിയിൽ അവരുടെ പ്രയത്നമഖിലം, നാശം വിതക്കുന്നതിനും കൃഷിയിടങ്ങൾ കൊള്ളയടിക്കുന്നതിനും മനുഷ്യവംശത്തെ നശീകരിക്കുന്നതിനുമായിരിക്കും. എന്നാൽ (അവർ സാക്ഷിയാക്കിക്കൊണ്ടിരിക്കുന്ന) അല്ലാഹുവോ, നശീകരണപ്രവർത്തനങ്ങളെ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല" (*അൽ ബഖറ* 204, 205).

തന്റെ പ്രവർത്തനങ്ങളെല്ലാം കണ്ട് ജനങ്ങൾ തന്റെ അനുയായികളായിത്തീരുന്നുവെന്ന് ഒരാൾക്ക് തോന്നിത്തുടങ്ങിയാൽ അത് അയാളെ അഹങ്കാരത്തിൽ കൊണ്ടെത്തിക്കും. പിന്നെ തോന്നിയതൊക്കെ ചെയ്യാൻ അയാൾ ധൃഷ്ടനാകും. തന്റെ പാഴ്വാക്കുകളും മോഹനവാഗ്ദാനങ്ങളും കേട്ട് തന്നെ വോട്ട് ചെയ്ത് വിജയിപ്പിച്ചവരെ പരിഹസിക്കുന്ന നിലപാടായിരിക്കും പിന്നീട് അവൻ സ്വീകരിക്കുക.

കർമങ്ങൾ നിഷ്ഫലമാവുക എന്നതാണ് ഇതുകൊണ്ടുള്ള മറ്റൊരു ദോഷം.നിഷ്കളങ്കമായി ചെയ്ത കർമങ്ങൾ മാത്രമേ അല്ലാഹു സ്വീകരിക്കൂ. "അതിനാൽ തന്റെ റബ്ബിനെ കണ്ടുമുട്ടുമെന്നു പ്രതീക്ഷിക്കുന്നവൻ സൽക്കർമങ്ങളാചരിച്ചുകൊള്ളട്ടെ. ഇബാദത്തിൽ ആരെയും തന്റെ റബ്ബിന്റെ പങ്കാളിയാക്കാതിരിക്കുകയും ചെയ്യട്ടെ" (*അൽ കഹ്ഫ്* 110). "അവർ ചെയ്തുവെച്ച കർമങ്ങളെന്താവട്ടെ അതെടുത്തു നാം ധൂളികണക്കെ പറത്തിക്കളയുന്നതാണ്" (*അൽ ഫുർഖാൻ* 23). "അല്ലയോ വിശ്വാസികളേ, നിങ്ങളുടെ ദാനധർമങ്ങളെ, കൊടുത്തത് വിളിച്ചോതിയും ശല്യംചെയ്തും പാഴാക്കാതിരിക്കുവിൻ; അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതെ, ആളുകളെ കാണിക്കുന്നതിനുവേണ്ടിമാത്രം ധനംചെലവഴിക്കുന്നവനെപ്പോലെ" (*അൽബഖറ* 264).

അതുപോലെ അവർക്ക് കഠിനമായ നരകശിക്ഷ അനുഭവിക്കേണ്ടിവരും. ധീരനെന്ന ഖ്യാതി ലഭിക്കാൻ പടക്കളത്തിൽ പോരാടിയ, പണ്ഡിതനെന്ന പ്രശംസ ലഭിക്കാൻ വിദ്യ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്ത, ഉദാരനെന്ന പേര് കിട്ടാൻ ദാനധർമങ്ങൾ ചെയ്ത ആളുകളെ പരലോകത്ത് വിചാരണ ചെയ്ത് നരകത്തിലെറിയുന്ന ദാരുണരംഗം മുസ്‌ലിം ഉദ്ധരിച്ച ഹദീസിൽ നമുക്ക് കാണാം.

ജനങ്ങളോട് നല്ലതു ചെയ്യാൻ ആവശ്യപ്പെടുകയും തിന്മയിൽ നിന്ന് അവരെ തടയുകയും ചെയ്ത ശേഷം സ്വയം നന്മ പ്രവർത്തിക്കാനും തിന്മയിൽ നിന്ന് വിട്ടുനിൽക്കാനും തയാറാവാതിരുന്നതിന്റെ പേരിൽ നരകശിക്ഷ നേരിടേണ്ടി വരുന്ന അവസ്ഥയും പ്രവാചകൻ വിവരിക്കുന്നുണ്ട്.

പ്രകടനത്വരയുള്ളവരെയും ഇല്ലാത്തവരെയും വേർതിരിക്കാൻ അല്ലാഹു നിരന്തരം  പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കും. തങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിലകൊള്ളാൻ അല്ലാഹു സത്യവിശ്വാസികളെ അശേഷം അനുവദിക്കുകയില്ല. "അവൻ ഉത്തമന്മാരെ അധമന്മാരിൽനിന്നു വേർതിരിക്കുകതന്നെ ചെയ്യും" (*ആലുഇംറാൻ* 179). "ജനങ്ങൾ ധരിച്ചുവെച്ചിരിക്കയാണോ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ടുമാത്രം അവർ വിട്ടയക്കപ്പെടുമെന്നും പരീക്ഷണ വിധേയരാവുകയില്ലെന്നും? എന്നാൽ അവർക്കുമുമ്പ് കഴിഞ്ഞുപോയ സകല ജനങ്ങളെയും നാം പരീ

ക്ഷിച്ചിട്ടുണ്ട്. സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും അല്ലാഹുവിന് തീർച്ചയായും കണ്ടറിയേണ്ടതുണ്ട്" (*അൽഅൻകബൂത്ത്* 2,3) "നിങ്ങൾ വെറുതെ വിട്ടയക്കപ്പെടുമെന്നു ധരിച്ചുവെച്ചിരിക്കുകയാണോ, ദൈവികസരണിയിൽ സമരം ചെയ്യുന്നവരും അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയുമല്ലാതെ മറ്റാരെയും ആത്മമിത്രമായി സ്വീകരിക്കാത്തവരും ആരെന്ന് അല്ലാഹു ഇനിയും കണ്ടറിഞ്ഞിട്ടില്ലെന്നിരിക്കെ?" (*അത്തൗബ* 16).

ഈ തിന്മയിൽ നിന്ന് രക്ഷനേടാൻ നാം ഇതുണ്ടാക്കുന്ന ഐഹികവും പാരത്രികവുമായ അനന്തരഫലങ്ങളെ കുറിച്ച വ്യക്തമായ അവബോധം വളർത്തിയെടുത്തേ പറ്റൂ. ■

**സ്വതന്ത്രാഖ്യാനം: അബൂദർറ് എടയൂർ**